**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3645** **02-03-2023 - ൽ മറുപടിയ്ക്ക്**

**കൊച്ചി നഗരത്തിലെ കെ.എസ്.ആർ.ടി.സി. ബസുകളുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി നഗരത്തിലെ മേനക, ജെട്ടി, ഷൺമുഖം റോഡ്, ഹോസ്പിറ്റൽ റോഡ്, ജോസ് ജംഗ്ഷൻ വഴി ബി.റ്റി.എച്ച്. ജംഗ്ഷൻ വരെയുള്ള 3 കി.മീ. റോഡുകളിലൂടെ സർവീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസുകളുടെ എണ്ണത്തിൽ നിലവിൽ കുറവ് വന്നിട്ടുണ്ടോ; നിലവിൽ ഈ റൂട്ടിൽ ഓടുന്ന കെ.എസ്.ആർ.ടി.സി. ബസുകൾ എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | കൊച്ചി നഗരത്തിലെ മേനക, ജെട്ടി, ഷൺമുഖം റോഡ്, ഹോസ്പിറ്റൽ റോഡ്, ജോസ് ജംഗ്ഷൻ വഴി ബി.റ്റി.എച്ച്. ജംഗ്ഷൻ വരെയുള്ള റോഡുകളിലൂടെ സർവീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസുകളുടെ എണ്ണത്തിൽ നിലവിൽ കുറവ് വന്നിട്ടില്ല.<br><br>എന്നാൽ ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്ന റൂട്ടുകളിലെ സർവ്വീസുകൾ മറ്റ് റൂട്ടുകളിൽ ക്രമീകരിച്ചിട്ടുണ്ട്. |
| (ബി) | അരൂർ-വൈറ്റില-ഇടപ്പള്ളി ബൈപ്പാസും കടവന്ത്ര-കതൃക്കടവ് റെയിൽവേ ഓവർബ്രിഡ്ജുകളും വന്നതോടെ കൊച്ചി നഗരത്തിനുള്ളിലേക്ക് പ്രവേശിക്കുന്ന ദീർഘദൂര കെ.എസ്.ആർ.ടി.സി. ബസുകളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കൊച്ചി നഗരത്തിനുള്ളിലേക്ക് പ്രവേശിക്കുന്ന ദീർഘദൂര കെ.എസ്.ആർ.ടി.സി. ബസുകളുടെ എണ്ണത്തിൽ കുറവു വന്നിട്ടില്ല.<br><br>വൈറ്റില മൊബിലിറ്റി ഹബ്ബ്, ബൈപ്പാസുകൾ എന്നിവയുടെ വരവോടെ ദീർഘദൂര സർവ്വീസുകൾ യാത്രക്കാരുടെ സൗകര്യാർത്ഥവും ട്രാഫിക് നിയന്ത്രണങ്ങളുടെ ഭാഗമായും എറണാകുളം പട്ടണത്തിൽ പ്രവേശിക്കാതെയും സർവ്വീസ് നടത്തുന്നതിന് ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>കൂടാതെ വൈറ്റില മൊബിലിറ്റി ഹബ്ബ്, ബൈപ്പാസ് എന്നിവിടങ്ങളിൽ നിന്നും പട്ടണത്തിലെ വിവിധ ഭാഗങ്ങളിലേയ്ക്ക് സർവ്വീസുകൾ ഏർപ്പെടുത്തിയിട്ടുമുണ്ട്. |
| (സി) | വൈപ്പിനിൽ നിന്നുമുള്ള സ്വകാര്യബസുകൾ നഗരത്തിൽ പ്രവേശക്കുന്നതിന് പ്രധാന തടസമായി കണക്കാക്കപ്പെടുന്ന കെ.എസ്.ആർ.ടി.സി. ബസുകളുടെ സാന്നിദ്ധ്യം ഗണ്യമായി കുറഞ്ഞിട്ടുള്ളതിനാൽ കൊച്ചി നഗരത്തിലെ ദേശസാൽകൃത റൂട്ടുകളെ സംബന്ധിച്ച സർക്കാർ ഉത്തരവുകളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ | (സി) | വിവിധ ദേശസാൽകൃത സ്കീമുകൾ നിലവിലുള്ളതിനാൽ ഗോശ്രീ ദ്വീപുകളിൽ നിന്നും എറണാകുളം നഗരത്തിലേയ്ക്ക് സ്വകാര്യ ബസ്സുകൾക്ക് കടന്നു വരുന്നതിന് നിയന്ത്രണങ്ങൾ നിലവിലുണ്ട്.<br><br>വൈപ്പിനിൽ നിന്നും എറണാകുളം നഗരത്തിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി ബസ്സുകളുടെ കുറവ് പരിഹരിക്കുവാൻ 27.1.2023 മുതൽ വൈപ്പിൻ ഗോശ്രീ പാലം വഴി തോപ്പുംപടി, ആലുവ, കാക്കനാട്, |

| | | | |
|---|---|---|---|
| | ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | | ചോറ്റാനിക്കര എന്നിവിടങ്ങളിലേയ്ക്കായി 4 ഷെഡ്യൂളുകളിലായി 16 ട്രിപ്പുകൾ പുതുതായി ആരംഭിച്ചിട്ടുമുണ്ട്.<br><br>വൈപ്പിൻ നിവാസികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി, ഗതാഗത വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ജനപ്രതിനിധികളുമായും ഉദ്യോഗസ്ഥരുമായും വിവിധ യോഗങ്ങൾ വിളിച്ച് ചേർത്തിരുന്നു. അത്തരത്തിൽ 11/01/2023-ൽ ചേർന്ന യോഗത്തിൽ, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയതിന് ശേഷം സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കാൻ മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയുണ്ടായി. അതനുസരിച്ച് എറണാകുളം ജില്ലയിൽ വച്ച് ഒരു യോഗം ചേരുകയും അഭിപ്രായ സമന്വയം നടത്തി സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ തുടർ ചർച്ചകൾക്കായുള്ള നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ